പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4052 16-03-2017-ൽ മറുപടിക്ക്

## കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ<br>ശ്രീ.വി.ജോയി<br>ശ്രീ. എം. സ്വരാജ് | ശ്രീ. എ.കെ.ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പൊതു ജനങ്ങൾക്ക് നിയമസഹായം സൗജന്യമായി നൽകുന്ന കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ, ഇതര തർക്ക പരിഹാര കേന്ദ്രങ്ങൾ (എഡിആർ) സെന്റർ, പെർമനന്റ് ലോക് അദാലത്തുകൾ എന്നിവ പ്രവർത്തിച്ച് വരുന്നു. കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാത്തതുമായ, നിയമപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തുകളിലൂടെ ഒത്തുതീർപ്പാക്കാവുന്നതാണ്. എല്ലാ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളും സ്ഥിരമായി അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയ നിയമ സേവന അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം വിവിധ വിഷയങ്ങളിൽ കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ തലത്തിലും താലൂക്ക് |

| | | |
|---|---|---|
| | | തലത്തിലും ദേശീയ ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സഞ്ചരിക്കുന്ന ലോക് അദാലത്ത് വാൻ വഴി പഞ്ചായത്തുകളിലെ ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിലും അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. നോട്ടിഫൈ ചെയ്ത പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളിലെ പ്രശ്നപരിഹാരത്തിനു വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പെർമനന്റ് ലോക് അദാലത്തുകൾ പ്രവർത്തിക്കുന്നു. കേരളത്തിൽ 14 ജില്ലാ സെന്ററുകളിലും, മാവേലിക്കര, വടക്കൻ പറവൂരിലുമായി 16 എ.ഡി.ആർ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ 44 മീഡിയേഷൻ സബ് സെന്ററുകളും പ്രവർത്തിക്കുന്നു. കോടതി കളിൽ നിലനിൽക്കുന്ന കേസുകൾ മീഡിയേഷ നിലൂടെ രമ്യമായി പരിഹരിക്കപ്പെട്ടുവരുന്നു.<br>**<u>നിയമ സഹായം</u>**<br>കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം അർഹരായ വിഭാഗങ്ങൾക്ക് സൗജന്യ നിയമ സേവനം നൽകി വരുന്നു. കൂടാതെ ജയിലുകൾ, ആസ്പത്രികൾ, പഞ്ചായത്ത് വില്ലേജ് ഓഫീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ആകെ 1324 നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. |

| | | |
|---|---|---|
| | | **<u>നിയമ അവബോധം</u>**<br>9-ാം ക്ലാസ്സിലും ഹയർ സെക്കൻഡറിയിലും പഠിക്കുന്ന കുട്ടികൾക്കായി നിയമപാഠം എന്ന് മലയാളത്തിലും ലെസ്സൺസ് ഇൻ ലോ എന്ന് ഇംഗ്ലീഷിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കായി 'സ്ത്രീയും നിയമവും' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചുവരുന്നു.<br>ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ നിയമ പാഠത്തെ ആസ്പദമാക്കി ക്വിസ്സ് മൽസരം കെൽസ നടത്തിവരുന്നു.<br>**<u>നിയമ ബോധനം മാധ്യമങ്ങളിലൂടെ</u>**<br>ആകാശവാണി കൊച്ചി എഫ് എം റേഡിയോയിലൂടെ ഭരണഘടനാ മൂല്യങ്ങളെ കുറിച്ചുള്ള 'നീതിപൂർവ്വം' എന്ന പരിപാടി ദിവസേന നടത്തിവരുന്നു.<br>ദൂരദർശൻ കേന്ദ്രം തിരുവനന്തപുരവുമായി സഹകരിച്ചുകൊണ്ട് 'സാമൂഹ്യപാഠം' എന്ന പരിപാടിയിലൂടെ മാസത്തിൽ ഒരിക്കൽ പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നു.<br>ആകാശവാണിയിലൂടെ ആഴ്ചയിൽ ഒരു തവണ 'ഹലോ ആകാശവാണി' എന്ന പരിപാടിയിലൂടെ നിയമ പ്രശ്നങ്ങൾക്ക് മറുപടി നൽകുന്ന പരിപാടി നടന്നുവരുന്നു. |

| | | |
|---|---|---|
| (ബി) | നിലവിൽ എന്തെല്ലാം നിയമ സഹായങ്ങളാണ് 'കെൽസ' യിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കാമോ ; | കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാത്തതുമായ, നിയമപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തിലൂടെ ഒത്തുതീർപ്പാക്കുക, കോടതികളിൽ നിലനിൽക്കുന്ന നിയമപരമായി ഒത്തുതീർപ്പാക്കാൻ സാധിക്കുന്ന കേസുകളിൽ മീഡിയേറ്റർമാരുടെ സഹായത്തോടെ കക്ഷികൾ തമ്മിൽ കേസുകൾ ഒത്തുതീർപ്പാക്കുവാൻ വേണ്ട ശ്രമം നടത്തുക, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നിയമ അവബോധം നൽകുക, ദേശീയ നിയമ സേവന അതോറിറ്റി (NALSA) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നിയമസഹായത്തിനുവേണ്ടി രൂപ കൽപന ചെയ്ത വിവിധ പദ്ധതികൾ നടപ്പിലാക്കുക, അർഹരായ വിഭാഗങ്ങൾക്ക് കോടതികളിൽ കേസ് നടത്തുന്നതിനായി സൗജന്യമായി അഭിഭാഷകരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയവയാണ്. |
| (സി) | ഏതെല്ലാം വിഭാഗത്തിൽ പ്പെട്ടവർക്കാണ് 'കെൽസ' അഭിഭാഷകരുടെ സേവനം സൗജന്യമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | 1. സ്ത്രീകൾ<br>2. കുട്ടികൾ<br>3. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ടവർ<br>4. പ്രകൃതിക്ഷോഭത്തിനോ, വംശീയ അതിക്രമത്തിനോ ഇരയായവർ<br>5. വ്യവസായ തൊഴിലാളികൾ<br>6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ |

| | | |
|---|---|---|
| | | 7. വികലാംഗർ<br>8. നിർബന്ധിത വേലയ്ക്ക് വിധേയമാക്കപ്പെട്ടവർ; എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും.<br>9. മറ്റുള്ളവർക്ക് 1,00,000/-രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായും സൗജന്യ നിയമസഹായം ലഭിക്കും. |
| (ഡി) | കുറ്റവാളികളുടെ ആശ്രിതർക്കായി നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി (NALSA) യുമായി ചേർന്ന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ ? | കുറ്റവാളികളുടെ ആശ്രിതർക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ബഹു.എക്സിക്യൂട്ടീവ് ചെയർമാൻ ജസ്റ്റീസ് തോട്ടത്തിൽ ബി.രാധാകൃഷ്ണൻ അവർകളുടെ നിർ ദ്ദേശപ്രകാരം ഒരു പദ്ധതി തയ്യാറാക്കുകയും ആ പദ്ധതി 08.03.2017-ന് ഹൈക്കോടതിയിൽ നടന്ന ചടങ്ങിൽ വച്ച് നാടിനായി സമർപ്പിക്കുകയും ചെയ്തു. പദ്ധതിപ്രകാരം കുറ്റവാളികളുടെ ആശ്രിതർക്കായി സൗജന്യ നിയമസഹായം നൽകുന്നതിനും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സാമ്പത്തിക മായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നതുമായ ആശ്രിതർക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ